പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2307 15.07.2011 -ലെ മറുപടിക്ക്

## കണമലക്കടവിൽ പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എരുമേലി - ചാലക്കയം നാഷണൽ ഹൈവേയിലെ കണമലക്കടവിൽ പാലം നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; | (എ) 2010–ലെ പൊതുമരാമത്തു നിരക്കു പ്രകാരം 720 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) പ്രവൃത്തി എന്നാണ് ടെൻഡർ ചെയ്തത് ; ആരാണ് ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് ;<br>(സി) ടെൻഡർ ചെയ്തില്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ? | (ബി) & (സി) നിരത്തുകളും പാലങ്ങളും വിഭാഗം ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രവൃത്തി ടെൻഡർ ചെയ്യുകയും എന്നാൽ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ടെൻഡർ റദ്ദുചെയ്യുകയും ചെയ്തു. |
| (ഡി) ഈ പാലത്തിന്റെ കോട്ടയം ജില്ലയിൽ വരുന്ന അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ഡി) കോട്ടയം ജില്ലയിൽ വരുന്ന അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള 4 (1) നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. |

| | |
|---|---|
| (ഇ) ഇതു സംബന്ധിച്ച പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) പ്രസ്തുത ഫയൽ ഇപ്പോൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ) കോട്ടയത്തിന്റെ പക്കലാണ്. ഫയൽ നം.സെപ്ഷ്യൽ തഹസിൽദാർ എൽ.എ.ജനറൽ ബി 6-667/2010. |
| (എഫ്) ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ, ഈ പ്രവൃത്തി ടെൻഡർ ചെയ്യാൻ തീരുമാനമെടുത്തിരുന്നോ ; എന്നിട്ടും ടെൻഡർ ചെയ്യാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ ; | (എഫ്) തീരുമാനമെടുത്തിരുന്നു. എന്നാൽ പാലത്തിനും അപ്രോച്ചു റോഡിനുമുള്ള സ്ഥലം ലഭിക്കാതെ ടെൻഡർ ചെയ്യരുതെന്നുള്ള സർക്കാർ ഉത്തരവുള്ളതിനാൽ ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. |
| (ജി) പത്തനംതിട്ട ജില്ലയിൽ നിന്നും ഇതിനായി വനഭൂമി വിട്ടുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ; | (ജി) പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിന്റെ കൈവശമുള്ള വനഭൂമി വിട്ടുകിട്ടുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ആയതിന് Net present value ആയ 6,30,306/- രൂപ വനംവകുപ്പിന് അടയ്ക്കുന്നതിന് നിർദ്ദേശം വന്നിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എച്ച്) വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ ; വനം വകുപ്പിലെ ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കാമോ ; | (എച്ച്) വനഭൂമി ലഭ്യമാക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫയൽ നം. 4KLB/771/2011/BAN/8595 തീയതി 09.02.2011 |

(ഐ) ഈ നിർമ്മാണം അടിയന്തിരമായി ടെൻഡർ ചെയ്യാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഐ) പുതുക്കിയ നിരക്കിലുള്ള ഭരണാനുമതി നൽകുന്നതിനും ഭൂമി പൊതുമരാമത്തു വകുപ്പിനു വിട്ടു കിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ